# രക്ഷയുടെ പാതയിൽ



# ഈശോയുടെ പ്രബോധനങ്ങൾ


സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

7

# ഉള്ളടക്കം

1. നിത്യജീവൻ പ്രാപിക്കാൻ
2. കർത്താവായ ദൈവം
3. ദൈവനാമം ആരാധ്യനാമം
4. കർത്താവിന്റെ ദിവസം
5. മാതാപിതാക്കളെ ബഹുമാനിക്കണം
6. ജീവൻ ദൈവദാനം
7. ലൈംഗിക വിശുദ്ധി
8. മോഷ്ടിക്കരുത്
9. സത്യം പറയുക
10. ദാമ്പത്യവിശുദ്ധി പാലിക്കുക
11. അവകാശമില്ലാത്തത് ആഗ്രഹിക്കരുത്
12. ശ്രേഷ്ഠമായ കല്പന
13. തിരുസഭയുടെ കല്പന
14. മന:സാക്ഷി രൂപീകരണം
15. സുവിശേഷ ഭാഗ്യങ്ങൾ

# പാഠം- 3




## ദൈവനാമം ആരാധ്യനാമം


# ദൈവനാമം ആരാധ്യനാമം

1. **ദൈവത്തിന്റെ നാമം പഴയ നിയമത്തിൽ**
2. ദൈവത്തിന്റെ നാമം പുതിയനിയമത്തിൽ
3. **ദൈവനാമത്തിന്റെ പ്രയോഗം**
4. **വിശുദ്ധമായവരെ ആദരിക്കുക**
5. ക്രിസ്തീയ നാമങ്ങൾ

ദൈവനാമം ആരാധ്യനാമം

# ദൈവത്തിന്റെ നാമം പഴയ നിയമത്തിൽ

- ദൈവനാമം എന്നത് ദൈവത്തിന്റെ സാന്നിധ്യം തന്നെയാണ്.യാഹ്‌വേ എന്ന പദം ഇസ്രായേൽക്കാർ സംസാരത്തിൽ ഉപയോഗിച്ചിരുന്നില്ല. അത് പ്രമാണ ലംഘനമായി അവർ കരുതി.



ദൈവനാമം ആരാധ്യനാമം

## ദൈവത്തിന്റെ നാമം പുതിയനിയമത്തിൽ

- മക്കൾ പിതാവിനെ വിളിക്കാൻ ഉപയോഗിച്ചിരുന്ന 'ആബാ' എന്ന ലളിതമായ പദം ഉപയോഗിച്ചാണ് ഈശോ പിതാവിനോട് സംസാരിച്ചിരുന്നത്.
- ദൈവനാമത്തെ സ്തുതിക്കുമ്പോൾ ദൈവത്തെത്തന്നെയാണ് സ്തുതിക്കുന്നത് എന്ന് വി.ഗ്രന്ഥം പഠിപ്പിക്കുന്നു.

## ദൈവനാമത്തിന്റെ പ്രയോഗം

- ദൈവനാമം ആദരവോടെ മാത്രമേ ഉപയോഗിക്കാവൂ. ദൈവത്തിന്റെ മഹത്വത്തിനു ചേർന്ന ബഹുമാനത്തോടെയാണ് അപ്പോഴൊക്കെ ആ പരിശുദ്ധനാമം ഉച്ചരിക്കേണ്ടത്.ദൈവമഹത്വത്തിനും മറ്റുള്ളവരുടെ ഉത്കർഷത്തിനും ഉപകരിക്കുന്ന വിധത്തിൽ നാവിനെ ഉപയോഗിക്കണമെന്ന് രണ്ടാംപ്രമാണം ആവശ്യപ്പെടുന്നു. ദൈവദൂഷണവും അശുദ്ധഭാഷണവും ഈ പ്രമാണത്തിനെതിരായ തിന്മകളാണ്.



# വിശുദ്ധമായവരെ ആദരിക്കുക

- ദൈവത്തിനു പ്രതിഷ്ഠിതരായ വ്യക്തികളെ അവഹേളിക്കുന്നതും വിശുദ്ധ സ്ഥലങ്ങളിൽ അനാദരവു കാട്ടുന്നതും വിശുദ്ധ വസ്തുക്കൾളോ അശുദ്ധമാക്കുന്നതും രണ്ടാംപ്രമാണത്തിന് എതിരായ തെറ്റുകളാണ്.



# ക്രിസ്തീയ നാമങ്ങൾ

- മാമ്മോദീസായിലൂടെ ദൈവമക്കളായിത്തീരുന്ന നമുക്ക് സഭയിലൂടെ ദൈവം നൽകുന്നതാണ് മാമ്മോദീസാപ്പേര്.
- വിശുദ്ധരുടെ മാതൃക അനുകരിച്ചു ജീവിക്കാനും അവരുടെ പ്രത്യേക മാധ്യസ്ഥ്യം ലഭിക്കാനും ഈ പേര് സഹായിക്കുന്നു. അതിനാൽ മാമ്മോദീസാപ്പേര് തുടർന്നും ഉപയോഗിക്കേണ്ടതാണ്.

# വഴികാട്ടാനൊരു തിരുവചനം



- “സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു: നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോട് ചോദിക്കുന്നതെന്തും അവിടുന്ന് നിങ്ങൾക്ക് തരും” (യോഹ. 16: 23)

നിത്യജീവൻ പ്രാപിക്കാൻ

# നമുക്ക് പാടാം

(വഞ്ചിപ്പാട്ട്)

തിന്മകൈവെടിഞ്ഞീടുവാൻ, നന്മമാത്രം
    ചെയ്തിടുവാൻ

ചൊല്ലീടുന്ന ആന്തരിക ശബ്ദൻ കേൾപ്പൂനാം.

ദൈവത്തിന്റെ വചനവും തിരുസഭാ പഠനവും

മന:സാക്ഷിക്കടിസ്ഥാനം ക്രിസ്തുശിഷ്യർക്ക്.

വിശ്വാസത്തിൻ വെളിച്ചത്തിൽ,
    നന്മയ്ക്കനുകൂലമായി

മനസ്സിനെമെരുക്കുക നമ്മുടെ ധർമ്മം.

സ്വതന്ത്രമാം മനസ്സോടെ,
    മൂല്യബോധത്തികവോടെ

പാവനാത്മ ശക്തിനേടി, നന്മ ചെയ്തിടാൻ.

ഉത്തമമാം മന:സാക്ഷി, നേടീടുക
    ദൈവമക്കൾ

നിത്യ ജീവവഴിയേ നാം ചരിച്ചീടുവാൻ.



നിത്യജീവൻ പ്രാപിക്കാൻ

# എന്റെ തീരുമാനം

എന്റെ ഏത് ആവശ്യങ്ങളിലും

ഈശോയുടെ തിരുനാമം

ഞാൻ വിളിച്ചപേക്ഷിക്കും.